## പതിനാലാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4912 — 27/10/2016 ൽ മറുപടിക്ക്

## ഏറനാട് താലൂക്ക് ഓഫീസിലെ ഫയലുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.വി.അൻവർ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) മലപ്പുറം ജില്ലയിലെ ഏറനാട് താലൂക്ക് ഓഫീസിലെ അഡീഷണൽ താലൂക്ക് സർവ്വെയറായിരുന്ന ശ്രീ.സന്തോഷ് ചാർജ്ജെടുത്ത ദിവസം മുതൽ ടിയാൻ കൈകാര്യം ചെയ്ത ഫയലുകൾ ഏതൊക്കെയാണ്; | (എ) ഏറനാട് താലൂക്ക് ഓഫീസിലെ അഡീഷണൽ താലൂക്ക് സർവ്വെയറായിരുന്ന ശ്രീ.സന്തോഷ് ചാർജ്ജെടുത്ത ദിവസം മുതൽ 9 വില്ലേജുകളിലായി 399 ഫയലുകൾ കൈകാര്യം ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) എത്ര ഫയലുകളിൽ തീർപ്പുണ്ടാക്കി; എത്ര ഫയലുകൾ തിരിച്ചേൽപ്പിച്ചു; | (ബി) തീർപ്പുണ്ടാക്കിയ ഫയലുകൾ- 34 എണ്ണം<br>തിരിച്ചേൽപ്പിച്ച ഫയലുകൾ - 273 എണ്ണം |
| (സി) ടിയാൻ ഓരോ മാസവും സൂക്ഷിക്കാറുള്ള മാസാന്ത്യ ഡയറിയുടെ പകർപ്പ് ലഭ്യമാക്കാമോ; | (സി) താലൂക്കാഫീസിൽ ജോലി ചെയ്തിരുന്ന 14/07/2015 മുതൽ 21/03/2016 വരെയുള്ള കാലയളവിലെ ഡയറികളൊന്നും ടിയാൻ നാളിതുവരെ സമർപ്പിച്ചിട്ടില്ല. |
| (ഡി) കൃത്യ നിർവ്വഹണത്തിൽ വീഴ്ച വരുത്തിയിട്ടുണ്ടെങ്കിൽ ടിയാനെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ? | (ഡി) ശ്രീ.സന്തോഷ്.സി.ഐ.ക്ക് എതിരെ അച്ചടക്ക നടപടി ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്